# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5893 — 19/11/2019 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അനിൽ അക്കര | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് ക്രീയാത്മകമായ നടപടി സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച മൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ കുടുംബങ്ങൾ ദുരിതത്തിലാണെന്നത് വസ്തുതയാണോ; | (ബ്) തകർച്ചയിലായിരുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള ഈ സർക്കാരിന്റെ വൈവിധ്യങ്ങളായ നടപടികളിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിലാളികളുടെ ദുരിതമകറ്റുന്നതിനും സർക്കാർ ഭാഗത്തുനിന്നും ഇതിനകം സ്വീകരിച്ചതും ഇനി സ്വീകരിക്കുവാൻ പോകുന്നതുമായ നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (സി) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ) കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുൽപ്പന്ന വികസന കോർപറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ. എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. |

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി'. ഏകദേശം 5000 ത്തിലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അധ്യയന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും കൂടി 42 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉൽപ്പാദിപ്പിച്ച് നല്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും തുറന്നു പ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതി വഴി ഇതുവരെ 125 കോടിയോളം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറിമേഖലയിൽ തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടി 'യുവ വീവ് പദ്ധതി', വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും വേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാൻറായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി

സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000/- രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ച നൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ട് "നെയ്ത്തുത്സവം" സംഘടിപ്പിച്ചു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും, പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500 ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടു പാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്ര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് കണ്ണൂർ ബെൽ മെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്ട്രാപിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ,14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800 ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവെയർനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളിഹാന്റി ക്രാഫ്റ്റ് എന്നപേരിൽ ഓൺലൈൻ മാർക്കറ്റിങ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന് (KADCO) കീഴിൽ കൈത്തൊഴിൽ മേഖലയിൽ

ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവീസ് ആന്റ്ഡ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലക്ക് ആവശ്യമായ തറികൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 500 ൽ പരം ഗ്രാമ പഞ്ചായത്ത് ഓഫീസുകൾ നവീകരിക്കുവാൻ കഴിഞ്ഞു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്തു നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആർട്ടിസാൻമാർക്ക തുടർച്ചയായി ജോലി നല്കാൻ കഴിഞ്ഞു.

മുള മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ - പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പു നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ', ഈറ്റയിൽ നിന്നും അളി കീറി പനമ്പു നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിംഗ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉൽപ്പന്നങ്ങളായ ഫ്ളാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ളോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനർജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ

വികസനത്തിന് വേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാട്ടും, കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനഃരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ചു നടപ്പിലാക്കൽ, ഉത്സവബത്ത 900/- രൂപയിൽ നിന്നും 1500/- രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത്, ഉല്പാദന ഇൻസെന്റീവ് നൂൽ നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും ആയി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേ ക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഇതിനോടകം 75 ഡി ഫൈബറിങ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. 500 ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ സംഭരിച്ചു വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350/- രൂപയായി വർദ്ധിപ്പിച്ചു നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക് ടറികൾ എല്ലാം തന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞു കിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപ്പെക്സ് വഴി ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി സംസ്ഥാനത്തിന് അകത്തും പുറത്തും വ്യാപകമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ പലിശ ധനസഹായപദ്ധതി 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകയിരുത്തിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചു പൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനു ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ചു വിവിധ ബാങ്കുകളുമായി സഹകരിച്ചു നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികളെ മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിധ്യവൽക്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കളിമൺ പാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനവ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

Radhalekha

സെക്ഷൻ ഓഫീസർ